അധ്യാപക ശാക്തീകരണം –2011 മെയ്
മലയാളം

ആമുഖം

പാഠ്യപദ്ധതിപരിഷ്കരണം ഈ വർഷം പത്താംക്ലാസ്സിലേക്കും വ്യാപിക്കുകയാണ്. പൊതുവിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫലപ്രദമായ വിദ്യാലയം എന്ന കാഴ്ചപ്പാട് വളർത്തി എടുക്കേണ്ടതുണ്ട്. ഈ ഒരു ലക്ഷ്യമാണ് ഈ വർഷത്തെ അധ്യാപക പരിശീലനത്തിന്റെ ഊന്നൽ. മേഖലയായി പരിഗണിക്കുന്നത്.

ഊന്നൽ മേഖല:

- 'ഞാൻ അധ്യാപകൻ ഇതെന്റെ വിദ്യാലയം' – എന്നതാണ് ഈ വർഷത്തെ മുദ്രാവാക്യം.
- മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം.
- ഫലപ്രദമായ വിദ്യാലയം എന്ന കാഴ്ചപ്പാട് വികസിപ്പിക്കുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ വാർഷികകലണ്ടർ, വാർഷികപദ്ധതി തയ്യാറാക്കൽ (ശുചിത്വം, ലിംഗനീതി, IED എന്നിവ പരിഗണിച്ച്)
- പ്രഗത്ഭരുടെ ക്ലാസ്സ് പരിചയപ്പെടൽ, ധാരണകൾ നേടൽ.
- IT, ഇന്റർനെറ്റ്, ബ്ലോഗ് എന്നിവ ഉപയോഗിച്ച് പഠനം മെച്ചപ്പെടുത്തൽ

വിദ്യാലയത്തിൽ എന്തൊക്കെ നടക്കണം.

- പാഠഭാഗത്തെ ആശയവുമായി ബന്ധപ്പെട്ട ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കുക.
- ലൈബ്രറി പ്രവർത്തനം നന്നായി നടക്കണം
- ആനുകാലികങ്ങൾ, പത്രങ്ങൾ കൃത്യമായും സ്കൂളിൽ ഉണ്ടാകണം.
- വാർഷികാസൂത്രണം. എസ്.ആർജി, മലയാളം ക്ലബ്ബ്, വിദ്യാരംഗം എന്നീപ്രവർത്തനങ്ങൾ കാര്യക്ഷമമാകണം.
- മറ്റുവിഷയാദ്ധ്യാപകരുമായി ബന്ധപ്പെട്ട് ലിംഗനീതി ഐ.ഇ.ഡി തുടങ്ങിയ വിഷയങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ നടക്കണം.
- മാതൃകാസമഗ്രാസൂത്രണം, ടീച്ചിംഗ്മാന്വൽ എന്നിവ പരിശീലനാനുബന്ധമായി രൂപപ്പെട്ടിട്ടുണ്ട്. ഇതിന്റെ ശരിയായ ക്ലാസ്സ് റൂം നിർവ്വഹണം നടക്കുന്നുവെന്ന് ഉറപ്പാക്കണം. തുടർപ്രവർത്തനങ്ങൾ നടക്കണം.
- കൂത്ത്, കൂടിയാട്ടം തുടങ്ങിയ നാടൻ കലകൾ സ്കൂളിന്റെ സമയപരിധിക്കും സാമ്പത്തികസ്ഥിതിക്കും അനുസരിച്ച് നടത്താവുന്നതാണ്.
- പാഠഭാഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ദ്ധരുടെ ക്ലാസ്സുകൾ കുട്ടികൾക്ക് ലഭ്യമാക്കാവുന്നതാണ്.
- മാസികനിർമ്മാണം, ബ്ലോഗ് നിർമ്മാണം എന്നിവ കുട്ടികളെക്കൊണ്ട് ചെയ്യിക്കേണ്ടതുണ്ട്.

പ്രധാനാധ്യാപകൻ ചെയ്യേണ്ടത്.

- വാർഷികപദ്ധതി തയ്യാറാക്കുന്നുണ്ടെന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
- പദ്ധതിനടപ്പാക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം. സമഗ്രാസൂത്രണം T.M എന്നിവ പുതിയ പാഠ്യപദ്ധതിയുമായി ഒത്തുപോകുന്നതാണോ എന്നു പരിശോധിക്കണം
- ലൈബ്രറിപ്രവർത്തനം, പത്രം, ആനുകാലികങ്ങൾ എന്നിവ കാര്യക്ഷമമായി നടക്കുന്നതിനായി പ്രവർത്തിക്കേണ്ടതുണ്ട്.
- ലിംഗനീതി ഉറപ്പുവരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതുണ്ട്.

TEACHER EMPOWERMENT PROGRAMME 2011
ENGLISH

Objectives

To familiarise the revised English Textbook and Handbook for class 10
To familiarise the transactional strategies of the course material
To bridge the gap between the challenges posed by the revised curriculum and the training programmes imparted

Sessions

Presentation and analysis of the studies conducted by Regional Institute of English, S.C.E.R.T and Language Initiatives
Critical and deep analysis of the Textbook in terms of content and transactional strategies
Reinforcing Transformational Generative Grammar focusing on English Syntax
Discussion on"Teaching of Poetry" and the issues concerned
Effective use of ICT in English to complement constructivist classroom process
Details of "Comprehensive Unit Plan"

Consolidation of the sessions

Kerala stands first among Indian states in learner achievements in languages
Majority of the teachers follow the process of knowledge construction
Critical thinking of the learner is not up to the desired level.
Teachers lack knowledge base regarding the pedagogy, content, learning process etc
Through the new Textbook, learners get a chance to read and respond literary extracts for language learning
The Textbook is noted for its variety in content, scope for multiple reading, novelty in the introduction of films,
grammar treatment etc.
ICT should be used in a careful and judicious manner to facilitate learning through scaffolding.

Monitor's role

Ensure the transaction of each and every lesson in the constructivist approach.
Ask the teachers to prepare and maintain the unit plan, daily plan and evaluation records properly
Motivate the teachers to explore the ICT possibilities to the maximum extend
Stress on the importance of subject council and collaborative efforts etc

Prepared by M.A.POULOSE
G.H.S.S.MOOLANKAVE

ഹിന്ദി

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ മൗലികാവകാശമായി അംഗീകരിച്ചു കൊണ്ടുള്ള റൈറ്റ് റ്റു എജ്യൂക്കേഷൻ നിയമം പ്രാവർത്തികമായിട്ടുള്ള ഈയവസരത്തിൽ ക്ലാസ്മുറികളിൽ നടക്കേണ്ട പഠനപ്രവർത്തനങ്ങൾക്ക് വളരെയേറെ പ്രാധാന്യം കൈവന്നിരിക്കുകയാണ്. പ്രവർത്തനാധിഷ്ഠിതവും ശിശു കേന്ദ്രീകൃതവും സാമൂഹ്യ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതുമായ പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ നടക്കേണ്ടതാണ്. 2011–2012 അധ്യായന വർഷത്തെ അവധിക്കാല ഹിന്ദി അധ്യാപക പരിശീലനം വയനാട് ജില്ലയിൽ രണ്ട് ഘട്ടങ്ങളിലായി മാനന്തവാടി VHSS ലും സുൽത്താൻ ബത്തേരി അസംപ്ഷൻ HS ലും വെച്ച് നടത്തപ്പെട്ടു. 106 അധ്യാപകർ പങ്കെടുത്തു കണ്ടെന്റിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടാണ് ട്രെയിനിംഗ് മാന്വൽ തയ്യാറാക്കിയത്.

ഊന്നൽ മേഖലകൾ

1. VIII, IX ക്ലാസുകളിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചില ഭാഷാവ്യവഹാര രൂപങ്ങളിലും സാഹിത്യ ശാഖകളിലും അധ്യാപകർക്ക് ധാരണക്കുറവുള്ളതായി SCERT കണ്ടെത്തിയ മേഖലകൾ കൂടുതൽ ചർച്ചയ്ക്ക് വിധേയമാക്കുകയും ആവശ്യമായ വിശദീകരണങ്ങൾ നൽകി ധാരണ വരുത്തുകയും ചെയ്തു.
2. സാമൂഹ്യപ്രശ്നങ്ങളിലേക്ക് കുട്ടികളുടെ ശ്രദ്ധക്ഷണിക്കുന്ന പാഠഭാഗങ്ങൾ തെരഞ്ഞെടുക്കുന്നതിന്മുമ്പ് രൂപപ്പെടുത്തുന്ന സിലബസ് ഗ്രിഡുകളെ (Syllabus grid) പറ്റി അധ്യാപകർക്ക് ധാരണയുണ്ടാക്കി.
3. പത്താംതരത്തിലേക്ക് തയ്യാർ ചെയ്തിട്ടുള്ള പാഠപുസ്തകത്തിലൂടെ പൂർണ്ണമായും കടന്ന് പോകുകയും ഒന്നാമത്തെ യൂണിറ്റ് വിശദമാ.യി പഠന വിധേയമാക്കുകയും ടീച്ചിംഗ് മാന്വൽ തയ്യാറാക്കുകയും ചെയ്തു. കവിതകളുടെ ആശയങ്ങളും രൂപസംവിധാനങ്ങളും കാലിക പ്രസക്തിയും തന്റെ കാഴ്ചപ്പാടുകളും കൂട്ടിയിണക്കി സമകാലികകവിതകളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്ന വിധം ആഴത്തിൽ മനസ്സിലാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.
4. ദൈനംദിനം ഉപയോഗിച്ച് വരുന്ന ഭാഷാവ്യവഹാര രൂപങ്ങളെപ്പറ്റി കൂടുതൽ വ്യക്തത വരുത്തുകയും,. ഇവയുടെ മൂല്യനിർണയ സൂചകങ്ങൾ കണ്ടെത്തുകയും ചെയ്തു. ആനുകാലിക കവിതകൾ തന്റെ കാഴ്ചപ്പാടിൽ വിലയിരുത്തുന്നതിനായി 'മൾട്ടിപ്പിൾ റീഡിംഗ്' രീതി അധ്യാപകർക്ക് പരിചയപ്പെടുത്തി.

5. സാമൂഹ്യ പ്രശ്നങ്ങളിൽ ആഴത്തിൽ ഇറങ്ങിച്ചെല്ലുന്നതിനായി സെമിനാറുകൾ സംഘടിപ്പിക്കുകയും തുടർമൂല്യനിർണയോപാധികൾ കണ്ടെത്തുകയും ചെയ്തു.
6. ഐ.ടി. സാങ്കേതിക വിദ്യയുടെ പ്രയോഗത്തിലൂടെ പഠനം കൂടുതൽ ആസ്വാദ്യകരമാക്കുന്നതിനായി പരിശീലനവും മൊഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.. ബന്ധപ്പെട്ട ബ്ലോഗുകളും സൈറ്റുകളും പരിചയപ്പെടുത്തികൊടുക്കുകയും ചെയ്തിട്ടുണ്ട്.

അധ്യാപകർ ചെയ്യേണ്ടത്.

അധ്യാപകൻ മുൻകൂട്ടി പൂർണ്ണമായ തയ്യാറെടുപ്പ് നടത്തി വേണം ക്ലാസ്സുകളിൽ എത്തേണ്ടത്. ക്ലാസ് റൂം പ്രവർത്തനങ്ങൾ കൃത്യമായും പൂർണ്ണമായും ടീച്ചിംഗ് മാനുവലിൽ സൂചിപ്പിച്ചിട്ടുണ്ടായിരിക്കണം. കുട്ടികളുടെ ചിന്താശേഷി വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ TM ൽ രേഖപ്പെടുത്തണം ക്ലാസ് റൂം പഠനം പൂർണമായും പ്രവർത്തനാധിഷ്ഠിതമായിരിക്കണം.

സാമൂഹ്യശാസ്ത്രം

വയനാട് ജില്ലയിലെ ഹൈസ്കൂൾ വിഭാഗം സോഷ്യൽ സയൻസ് അധ്യാപകർക്ക് 5 ദിവസം നീണ്ടു നിന്ന പരിശീലനപരിപാടിയാണ് സംഘടിപ്പിച്ചത്. പത്താം ക്ലാസിലെ മാറിയ സോഷ്യൽസയൻസ് പാഠപുസ്തകവുമായി ബന്ധപ്പെട്ട് 7 സെഷനുകളായിട്ടാണ് പ്രസ്തുത പരിശീലനപരിപാടി സംഘടിപ്പിച്ചത്. വിനിമയംചെയ്യപ്പെട്ട പ്രധാനസംഗതികൾ താഴെ പറയുന്നവയാണ്.

സെഷൻ –1

പാഠ്യപദ്ധതി പരിഷ്ക്കരണത്തിലൂടെ സെക്കണ്ടറി ക്ലാസുകളിലെ പഠനത്തിൽ ഊന്നൽ നൽകേണ്ട വിദ്യാഭ്യാസത്തിന്റെ സാമൂഹ്യലക്ഷ്യങ്ങൾ തിരിച്ചറിയൽ – ഇതുമായി ബന്ധപ്പെട്ട് KCF – 2007 ൽ പറയുന്ന വിദ്യാഭ്യാസലക്ഷ്യങ്ങൾ ചർച്ച ചെയ്യുകയും, ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ സെക്കണ്ടറിഘട്ടത്തിലെ സാമൂഹ്യശാസ്ത്രപഠനം എങ്ങനെ ക്രമീകരിക്കണം എന്ന് പരിചയപ്പെടുത്തുകയും ചെയ്തു.

സെഷൻ – 2

സാമൂഹ്യശാസ്ത്രം എന്ന വിജ്ഞാനശാഖ എങ്ങനെ വളർന്നുവന്നുവെന്നും, അതിൽ വിവിധവിഷയങ്ങൾ ഉൾച്ചേർന്നതെങ്ങനെയെന്നും പരിചയപ്പെടുത്തൽ.

സെഷൻ – 3

പത്താം ക്ലാസിലെ മാറിയ സോഷ്യൽസയൻസ് പാഠപുസ്തകം പരിചയപ്പെടൽ. പുതിയ പുസ്തകത്തിലെ 24 അധ്യായങ്ങൾ അധ്യാപകർക്ക് വീതിച്ചു നൽകി, ഓരോ അധ്യായത്തിലും ഉൾപ്പെട്ടിട്ടുള്ള ആശയങ്ങൾ, പഠനപ്രവർത്തനങ്ങൾ തുടങ്ങിയ തിരിച്ചറിയുകയും, ലിസ്റ്റ് ചെയ്യുകയും അവ അധ്യാപകർ നോട്ട് കുറിക്കുകയും ചെയ്തു. പുതിയ പാഠപുസ്തകത്തിലെ പ്രധാന മാറ്റങ്ങൾ വിലയിരുത്തി.

സെഷൻ – 4

പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമഗ്രാസൂത്രണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും, പാഠപുസ്തകത്തിലെ പ്രധാനപ്പെട്ട ഒമ്പത് അധ്യായങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സമഗ്രാസൂത്രണം തയ്യാറാക്കി അവതരിപ്പിക്കുകയും ചെയ്തു. പാഠപുസ്തക വിനിമയത്തിന് T.B., H.B എന്നിവയിൽ നൽകിയ പഠന തന്ത്രങ്ങളും പ്രവർത്തനങ്ങളും പരിചയപ്പെട്ടതോടൊപ്പം അധ്യാപകർ പുതിയവ വികസിപ്പിച്ചെടുക്കുകയും, പരിചയപ്പെടുകയും ചെയ്തു.

സെഷൻ –5

സൂക്ഷമതലആസൂത്രണം, TM തയ്യാറാക്കൽ, സിമുലേഷൻ– സമഗ്രാസൂത്രണം ചെയ്ത അധ്യായങ്ങളെ അടിസ്ഥാനമാക്കി മോഡ്യൂലാർ രീതിയിലുള്ള TM തയ്യാറാക്കി അവ സിമുലേഷൻ ചെയ്ത് പോരായ്മകൾ കണ്ടെത്തി, പരിഹാരങ്ങൾ ചർച്ചചെയ്തു. അനുയോജ്യമായ രീതിയിൽ ഒന്നോ അതിലധികമോ ലക്ഷ്യങ്ങളെയും, ആശയങ്ങളെയും യോജിപ്പിച്ചുകൊണ്ടാണ് മോഡ്യൂലാർ രീതിയിൽ TM തയ്യാറാക്കിയിട്ടുള്ളത്.

സെഷൻ – 6

ആത്യന്തികമൂല്യനിർണ്ണയവുമായി (TE) ബന്ധപ്പെട്ട ടൂളുകൾ പരിചയപ്പെടുകയും, വികസിപ്പിക്കുകയും ചെയ്തു. മൂല്യനിർണ്ണയസൂചകങ്ങൾ നൽകിക്കൊണ്ട് നല്ല മൂല്യനിർണ്ണയ ഉപാധികൾ എങ്ങനെ വികസിപ്പിക്കാം എന്ന് പരിചയപ്പെട്ടു.

സെഷൻ – 7

സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ കുട്ടിയെ എങ്ങനെ സാമൂഹ്യഇടപെടലുകൾക്ക് പ്രാപ്തനാക്കാം എന്ന വിഷയവുമായി ബന്ധപ്പെട്ട ചർച്ച നടത്തുകയും അതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തി അവതരിപ്പിക്കുകയും ചെയ്തു. സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളുടെ കലണ്ടർ തയ്യാറാക്കി അവതരിപ്പിച്ചു.

പ്രധാനാധ്യാപകരുടെ ശ്രദ്ധയിലേക്ക്

- അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ആവശ്യമായത്ര TB, H.B എന്നിവ ലഭ്യമാക്കേണ്ടതാണ്.
- ജോഗ്രഫിപഠനം കാര്യക്ഷമമാക്കുന്നതിനായി ആവശ്യമായത്ര ഭൂലോക ഭൂപടം, ഇന്ത്യയുടെ ഭൂപടം (Political & Physical), ഗ്ലോബ്, ബാരോമീറ്റർ, അന്തരീക്ഷ തെർമോമീറ്റർ, ഹൈഗ്രോമീറ്റർ, സ്റ്റീരിയോസ്കോപ്പ്, മുതലായ ഉപകരണങ്ങൾ ലഭ്യമാക്കുക, ഒരു ഗ്രൂപ്പിന് ഒന്ന് എന്ന തോതിലെങ്കിലും ചെറിയ ഭൂപടങ്ങൾ ക്ലാസിൽ ഉണ്ടെന്ന് ഉറപ്പ്വരുത്തുക; ലഭ്യമായ ഉപകരണങ്ങൾ അധ്യാപകർ ഉപയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.
- വിദ്യാഭ്യാസലക്ഷ്യങ്ങൾക്കും, സമീപനങ്ങൾക്കും അനുസരിച്ച് ക്ലാസ് നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.
- പാഠഭാഗങ്ങൾ സമഗ്രാസൂത്രണം നടത്തിയെന്നും, പാഠപുസ്തകത്തിലെ ആശയങ്ങൾ വിനിമയം ചെയ്യുന്നതിന് ഒന്നിലധികം ലക്ഷ്യങ്ങൾ, ആശയങ്ങൾ എന്നിവ ഉൾച്ചേർത്ത് TM തയ്യാറാക്കിയെന്ന് ഉറപ്പാക്കുക.
- പാഠപുസ്തകത്തിലും HB യിലും നൽകിയിട്ടുള്ള പഠനതന്ത്രങ്ങളും, പ്രവർത്തനങ്ങളും ക്ലാസിൽ ഉപയോഗപ്പെടുത്തുവെന്ന് ഉറപ്പാക്കുക.
- പഠനലക്ഷ്യങ്ങൾ നേടിയെന്ന് ഉറപ്പാക്കുന്നതിലേക്കായി മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.

സാമൂഹ്യശാസ്ത്രം 1 ലെ യൂണിറ്റ് 1 ന് നിർദ്ദേശിക്കപ്പെട്ട ചില പ്രവർത്തനങ്ങൾ

പ്രവർത്തനം

1. ഭൂപട വിശകലനം (വാണിജ്യപഥങ്ങളെയും ബന്ധിപ്പിച്ചിരിക്കുന്ന രാജ്യങ്ങളെയും കണ്ടെത്തി പട്ടികപ്പെടുത്തുക.

2. വാണിജ്യപഥങ്ങൾ ആദ്യകാലത്ത് വാണിജ്യത്തിന് പുറമെ എന്തിനെല്ലാം ഉപകരിച്ചിരിക്കും–ചർച്ച– ചർച്ചസൂചകങ്ങൾ എല്ലാ ചർച്ചാപ്രവർത്തനങ്ങളിലും അധ്യാപകർ തയ്യാറാക്കി നൽകണം.
3. കോൺസറ്റാന്റിനേപ്പിൾ (ഇസ്താംബൂൾ) ഭൂപട നിരീക്ഷണം– സവിശേഷപ്രാധാന്യംകണ്ടെത്തൽ
4. ഇറ്റാലിയൻ നഗരങ്ങളുടെ വളർച്ച, ഭരണക്രമം ഫ്യൂഡൽ രീതിയിൽ നിന്ന് വ്യത്യാസപ്പെടാനുണ്ടായ കാരണം –ചർച്ച.
5. ഉത്പാദന വ്യവസ്ഥയിലെ മാറ്റം ഏതെല്ലാം വിധത്തിലാണ് നവോത്ഥാന കാലത്തെ മനുഷ്യജീവിതത്തിൽ പ്രതിഫലിച്ചത്– ചർച്ച.
6. ഇറ്റാലിയൻ നഗരങ്ങൾ പാശ്ചാത്യപൗരസ്ത്യവിജ്ഞാനങ്ങളുടെ സംഗമഭൂമിയായി മാറിയതെങ്ങനെ? ചർച്ച
7. നവോത്ഥാനകാലകലയിലും, സാഹിത്യത്തിലും പ്രതിഫലിച്ച മാനവികത, യുക്തിചിന്ത, വിമർശന ബുദ്ധി ഇവ അക്കാലത്തെ രാഷ്ട്രീയ ചിന്തയിൽ പ്രതിഫലച്ചുവോ – ചർച്ച.
8. നവോത്ഥാനആശയങ്ങൾ കത്തോലിക്കാസഭയിൽ മാറ്റങ്ങൾക്ക് കാരണമായതെങ്ങിനെ? –ചർച്ച.
9. ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളും സമുദ്രസഞ്ചാരപുരോഗതിയും യൂറോപ്പിന്റെ രാഷ്ട്രീയഘടനയിലും സാമ്പത്തികമേഖലയിലും മാറ്റങ്ങൾക്ക് കാരണമായി – ചർച്ച.
10. നവോത്ഥാനകാലചിന്തകളും ആശയങ്ങളും മനുഷ്യജീവിതത്തെപ്പറ്റി മറിക്കാൻ പ്രേരകമായ നിരവധി പുതിയ കണ്ടുപിടുത്തങ്ങളും ഉണ്ടാക്കിയ മാറ്റങ്ങൾ കണ്ടെത്തൽ

ഭൗതികശാസ്ത്രം

ഊന്നൽ മേഖല

1. പത്താം തരത്തിലെ മാറിയ പാഠപുസ്തകത്തെ സൂക്ഷമതലത്തിൽ വിശകലനം ചെയ്യുന്നതിനും VIII, IX ക്ലാസ്സുകളിലെ പാഠഭാഗവുമായുള്ള ബന്ധം കണ്ടെത്തുന്നതിനും ആസൂത്രണം ചെയ്യുന്നതിനും.
2. പാഠഭാഗങ്ങൾ വ്യക്തതയോടെയും കൃത്യതയോടെയും കുട്ടികളിൽ എത്തിക്കുന്നതിനാവശ്യമായ പഠന പ്രവർത്തനങ്ങൾ.
   - പരീക്ഷണങ്ങൾ
   - ICT

   ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന്.
3. കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിനുമായി ലാബ്, ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നതിനും – ഉപയോഗിക്കുന്നതിനും.
4. ഊർജ്ജപരിപാലനം, ഊർജ്ജസംരക്ഷണ ബോധം കുട്ടികളിലും സമൂഹത്തിലും എത്തിക്കുന്നതിന്.

പ്രധാനാധ്യാപകൻ ചെയ്യേണ്ടത്

- Modular Teaching Manual തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക (ഓരോ മൊഡ്യൂളും ഓരോ T.M ആയി കാണണം)
- ഓരോ പാഠഭാഗങ്ങളിലുമുള്ള പരീക്ഷണങ്ങൾ ലാബിലോ/ക്ലാസ് മുറിയിലോ. വെച്ച് നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
- ക്ലാസ് റൂം പ്രവർത്തനം പരീക്ഷണത്തിലൂടെ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ചുവടെകൊടുത്തിരിക്കുന്നു സാമഗ്രികൾ ലഭ്യമാക്കണം.

10–ാം തരത്തിലെ 6 പാഠഭാഗങ്ങൾ പരീക്ഷണത്തിലൂടെയാണ് കുട്ടികളിൽ എത്തിക്കേണ്ടത്. അതായത്

- ✓ വൈദ്യുത പ്രവാഹത്തിന്റെ ഫലങ്ങൾ
- ✓ വൈദ്യുത കാന്തികപ്രേരണം
- ✓ പവർ ഉൽപ്പാദനവും വിതരണവും
- ✓ ശബ്ദം
- ✓ ഇലക്ട്രോണിക്സ്
- ✓ പ്രകാശപ്രതിഭാസങ്ങൾ

നമ്മുടെ പ്രപഞ്ചംഊർജ്ജപരിപാലനം എന്നീ അധ്യായങ്ങൾ സെമിനാർ, പ്രോജക്ട് എന്നിവയിലൂടെ (പ്രവർത്തനം) ആസൂത്രണം ചെയ്യാവുന്നതാണ്.

മറ്റ് പ്രവർത്തനങ്ങൾ

സയൻസ് ക്ലബ് പ്രവർത്തനങ്ങൾ (പരീക്ഷണങ്ങൾ വീണ്ടും ചെയ്തു നോക്കാൻ അവസരം നൽകണം)

- ശാസ്ത്രമേള
- ശാസ്ത്രപുസ്തകങ്ങൾ പരിചയപ്പെടൽ
- ശാസ്ത്ര ക്വിസ് മത്സരം
- ശാസ്ത്രജ്ഞാന്മാരുടെ ജന്മദിനം

  രസതന്ത്രവർഷത്തിന്റെ പ്രാധാന്യം – (മാഡം ക്യൂറിയുടെ ഫിസിക്സുമായുള്ള ബന്ധം തിരിച്ചറിയൽ)
- ഊർജ്ജപരിപാലനം

Std X

Experiments

Chapter- 1 വൈദ്യുത പ്രവാഹത്തിന്റെ ഫലങ്ങൾ

- Electrolysis and Electroplating

ലാബിൽ ആവശ്യമായ സാമഗ്രികൾ

6 V dc സെൽ, കാർബൺ ദണ്ഡ് 2, കണക്ടിംഗ് വയർ ബീക്കർ (ബീക്കറുകൾ), $CUSO_4$ ലായനി, ശുദ്ധമായ കോപ്പർ തകിട്,

- വൈദ്യുതിയുടെ താപഫലം (H-I Rt)

6 V dc സെൽ, കണക്ടിംഗ് വയറുകൾ, നിക്രോം കമ്പി, അലുമിനിയം/ ചെമ്പ് കമ്പി, അമ്മീറ്റർ, റിയോസ്റ്റാറ്റ്, തെർമോമീറ്റർ, ബിക്കർ, Stopwatch.

- സമാന്തര ശ്രേണി കണക്ഷൻ AC യിൽ

60 W, 40W, 60W ബൾബുകൾ, കണക്ടിംഗ്വയർ, Bulb Holder, AC power supply.

Chapter - 2

വൈദ്യുതകാന്തിക പ്രേരണം

- മ്യൂച്ചൽ ഇൻഡക്ഷൻ

(ചെമ്പുകമ്പി 400 ചുറ്റ്, 24 ഗേജ്, 300 gm) 2 എണ്ണം ഇരുമ്പ് കഷ്ണം, 6V AC ട്രാൻസ്ഫോമർ, LED 6V ബാറ്ററി

- സെൽഫ് ഇൻഡക്ഷൻ

  മേൽപറഞ്ഞ സാമഗ്രികൾ

- പ്ലെമിങ്ങിന്റെ ഇടതുകൈ നിയമം

കാന്തം, ബാർ കാന്തം, സ്പീക്കർ കാന്തം, കോപ്പർറോഡ്, കണക്ടിംഗ് വയർ, 6V ബാറ്ററി, സ്റ്റാൻഡ്

Chapter - 3

വൈദ്യുതപവർ ഉൽപ്പാദനവും, വിതരണവും

- ത്രിഫേസ് AC

മ്യൂച്ചൽ ഇൻഡക്ഷൻ പരീക്ഷണത്തിന് ഉപയോഗിച്ച Insulated Copper wiset 3 എണ്ണം, ഗാൽവനോമീറ്റർ 3, സ്പീക്കർ കാന്തം/ ബാർകാന്തം

- ത്രി-പിൻ പ്ലഗ്

ത്രി- പിൻ പ്ലഗ് R,G,B നിറത്തിലുള്ള കണക്ടിംഗ് വയർ; Tester

Chapter -4

ശബ്ദം

ട്യൂണിംഗ് ഫോർക്ക്, സോണോമീറ്റർ, റസൺസ്കോളം, Round Bottom Flask, Bell, സ്പിരിറ്റ് ലാബ്, വിവിധ വണ്ണമുള്ള കമ്പികൾ, "Hearing test video clip"

Electronics

6–0–6 1 Amp ട്രാൻസ്ഫോമർ or 12-0 ട്രാൻസ്ഫോമർ
IN 4007 ഡയോഡ് 20 എണ്ണം
1 K Ω റസിസ്റ്റർ– 20 എണ്ണം
$100\phi NF$ കപ്പാസിറ്റർ– 2 എണ്ണം
(Central tap and bridge Rectifier സർക്യൂട്ടിന്റെ പ്രവർത്തനം) LED, ബാറ്ററി 3V, (പഴയ സർക്കിട്ട് ബോർഡിൽ നിന്നും electronic സാധനങ്ങൾ ശേഖരിക്കണം)

പ്രകാശ പ്രതിഭാസങ്ങൾ

ലെൻസ്, ഹൈപ്പോ ടോർച്ച്, ബീക്കർ, H2SO4, Red, Blue, Green കളർലൈറ്റ്, filter paper, പ്രിസം, ലേസർ ടോർച്ച്, PVCപൈപ്പ്, കണ്ണാടി

രസതന്ത്രം

ആമുഖം

ഓരോ കുട്ടിയേയും പരമാവധി പഠനവികവിലേക്ക് എത്തിക്കാൻ ലക്ഷ്യമിട്ടു കൊണ്ടുള്ള വിദ്യാലയ ശാക്തീകരണ പരിപാടികൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ വർഷം പരിശീലനത്തിലൂടെ ഉദ്ദേശിക്കുന്നത്. അധ്യാപകൻ സ്വന്തം മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ്, പരിമിതികളെ മറികടന്നു മെച്ചപ്പെട്ട ക്ലാസ്റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അവ വിനിമയം ചെയ്യാനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ കണ്ടെത്തുവാനും അതോടൊപ്പം ഉള്ളടക്കത്തെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവും ഉണ്ടാക്കിയെടുക്കുന്നതിനും അദ്ധ്യാപകശാക്തീകരണത്തിലൂടെ സാദ്ധ്യമാവുന്നു.

ഓരോ കുട്ടിയും പ്രകൃതിപ്രതിഭാസങ്ങളെ കൗതകത്തോടെ വിശകലനം ചെയ്യുവാനും ശാസ്ത്ര മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ സ്വന്തം നിലപാടുകൾ സ്വീകരിക്കുവാനും രസതന്ത്ര പഠനത്തിലൂടെ സാധ്യമാകണം. പഠനമികവ് ഓരോ കുട്ടിയുടെയും അവകാശമാണ് എന്ന കാഴ്ചപ്പാടിലൂടെ പഠന പ്രവർത്തനങ്ങൾ ഒരുക്കി കൊടുത്തുകൊണ്ട് കുട്ടിയെ സമ്പൂർണ്ണ വികാസത്തിലേക്ക് എത്തിക്കണം. ഇത്തരത്തിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ വിദ്യാലയ ശാക്തീകരണം നടപ്പിലാക്കുവനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

രസതന്ത്രത്തിന്റെ സംഭാവനകൾ സമൂഹത്തിന് എത്ര മാത്രം പ്രയോജനകരമായി എന്നത് ബോദ്ധ്യപ്പെടുത്തുന്ന തരത്തിൽ IYC 2011 (International Year of Chemistry 2011) സ്കൂൾതലത്തിൽ നടപ്പിലാക്കുവാൻ നിർദ്ദേശങ്ങളും അധ്യാപിക ശാക്തീകരണത്തിൽ നൽകിയിട്ടുണ്ട്.

പ്രധാന ഉദ്ദേശ്യങ്ങൾ:–

- പത്താംതരത്തിലെ പുതുക്കിയ രസതന്ത്രം പാഠപുസത്കവും അദ്ധ്യാപക സഹായിയും പരിചയപ്പെടുകയും ഉള്ളടക്കത്തെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവും അതോടൊപ്പം പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് നേരിട്ടുള്ള അനുഭവം ഉണ്ടാക്കിയെടുക്കുകയും ചെയ്യുന്നു.
- പുതിയ പാഠ്യപദ്ധതിസമീപനത്തിലൂടെ ഓരോ കുട്ടിയുടെയും സമഗ്രവികാസം ഉറപ്പാക്കുന്നവിധത്തിൽ കുട്ടിയുടെ പങ്കാളിത്തം, ഉചിതമായ സാമഗ്രികളുടെ ഉപയോഗം, അസസ്മെന്റ്, ലിംഗനീതി, കുട്ടിയുടെ സുരക്ഷ എന്നിവ പ്രയോഗത്തിൽ വരുത്തുന്നതിന് അദ്ധ്യാപകന് ആസൂത്രണത്തിലും വിനിമയത്തിലും കൂടുതൽ ശേഷിയുള്ളവരാക്കുകയും ഇത്തരം പ്രവർത്തനത്തിലൂടെ വിദ്യാലയശാക്തീകരണം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ഊന്നൽ മേഖല

- കുട്ടികളെ പരമാവധി പഠനമികവിലേക്കും സമഗ്ര വികാസത്തിലേക്കും എത്തിക്കുക.
- അധ്യാപകന് ഉള്ളടക്കത്തിൽ അഗാധമായ അറിവ്, പഠനപ്രവർത്തനങ്ങൾ ആസൂത്രണ ചെയ്യുന്നതിനുള്ള മികവ് അവ വിനിമയം ചെയ്യുന്നതിനുള്ള ഉയർന്നശേഷി എന്നിവ കൈവരിക്കുക.
- IYC 2011 സ്കൂൾതലത്തിൽ ഫലപ്രദമായി നടപ്പിലാക്കുക.

സ്കൂൾതല പ്രവർത്തനങ്ങൾ

- അധ്യാപക ശാക്തീകരണപരിപാടിയിലൂടെ ആസൂത്രണം ചെയ്ത ക്ലാസ് റൂം പഠനപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക.
- ദിനാചരണങ്ങൾ ആഘോഷിക്കുക.
- IYC 2011 ന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുക.
- ഒരു ദിനം– ഒരു കണ്ടുപിടുത്തം (മൂലകങ്ങൾ/മറ്റുള്ളവ) – പ്രഭാഷണം/ കുറിപ്പ് തയ്യാറാക്കുക.

- ആഴ്ചയിൽ– ശാസ്ത്രജ്ഞന്മാരുടെ ഫോട്ടോ ശേഖരം/ കണ്ടുപിടുത്തം/സംഭാവനങ്ങൾ എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള ബുള്ളറ്റിൻ ബോർഡ് പ്രദർശനം

മാസങ്ങളിൽ

ജൂൺ

- IYC 2011 സ്കൂൾ തല ഉദ്ഘാടനം/ പ്രഭാഷണം– സ്കൂൾ അസംബ്ലിയിൽ
- പരിസ്ഥിതി ദിനം (ജൂൺ 5)
- ആഗോളതാപനം– കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും– സെമിനാർ
- ലോക മയക്ക്മരുന്ന് വിരുദ്ധദിനം(ജൂൺ 26) – ബോധവൽക്കരണ ക്ലാസ്

ജൂലായ്

- മാഡംക്യൂറി ചരമദിനം (ജൂലായ്4) മാഡം ക്യൂറിയുടെ കണ്ടുപിടുത്തങ്ങൾ– ശേഖരണ/ പ്രഭാഷണം.
- ചാന്ദ്രദിനം (ജൂലായ് 21)
- Chemistry- "Our Life and Our future"- IYC 2011- ബോധവൽക്കരണക്ലാസ്/ചർച്ച
- മാനവരാശിയുടെ വളർച്ചയ്ക്ക്– രസതന്ത്രത്തിന്റെ പങ്ക്– പ്രസംഗമത്സരം/ ഉപന്യാസമത്സരം

ആഗസ്റ്റ്

- ഹിരോഷിമ ദിനം(ആഗസ്റ്റ്– 6)
- കീടനാശിനി ഉപയോഗംമൂലമുള്ള ദോഷങ്ങൾ– ചർച്ചയും– ജൈവകീടനാശിനി നിർമ്മാണം– പരിശീലനവും
- സയൻസ് പ്രശ്നോത്തരി മത്സരം.

സെപ്തംബർ

- ഓസോൺ ദിനം (സെപ്തംബർ– 16)
- പ്ലാസ്റ്റിക്കിന്റെ ഉപയോഗം– ഗുണങ്ങളും ദോഷങ്ങളും സെമിനാർ
- സയൻസ് പോസ്റ്റർ നിർമ്മാണം– മത്സരം

ഒക്ടോബർ

- ഡോക്യൂമെന്ററി പ്രദർശനം
- (രോഗങ്ങൾ/മയക്ക്മരുന്നുകൊണ്ടുള്ള ദോഷങ്ങൾ/ എയ്ഡ്സ് etc) കീടനാശിനി പ്രയോഗമൂലമുള്ള രോഗങ്ങൾ

നവംബർ:–

- ജലം – മലിനീകരണത്തിന്റെ കാരണങ്ങളും ശുദ്ധീകരണത്തിനുള്ള മാർഗ്ഗങ്ങളും ബോധവൽക്കരണക്യാമ്പ് (Experts)

ഡിസംബർ

- Field Trip (Soap factory/ മറ്റെതെങ്കിലും വ്യവസായ ശാല)

ജനുവരി

- Science Skit അവതരണം (പരീക്ഷണങ്ങൾ ഉൾപ്പെടുത്തികൊണ്ട്)

ഫെബ്രുവരി

- ദേശീയ ശാസ്ത്രദിനം (ഫെബ്രുവരി–28)
- സയൻസ് മാജിക് അവതരണം

മാർച്ച്

- പ്രവർത്തനങ്ങളുടെ അവലോകനം
- മികവ് പങ്ക് വയ്ക്കൽ

ജീവശാസ്ത്രം

10–ാം തരത്തിലെ മാറിയ പാഠപുസ്തകത്തെ അധികരിച്ച് 2011– 12 വർഷം അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടു നിൽക്കുന്ന അധ്യാപക ശാക്തീകരണ പരിശീലന പരിപാടികൾ ജില്ലയിൽ രണ്ടിടങ്ങളിലായി നടന്നു. ബത്തേരി അസംപഷ്ൻ ഹൈസ്കൂൾ, ജി.എച്ച്.എസ്.എസ് പനമരം എന്നീ സ്ഥലങ്ങളിൽ നടന്ന പരിശീലന പരിപാടിയിൽ 100 ഓളം ജീവശാസ്ത്ര അധ്യാപകർ പങ്കെടുത്തിട്ടുണ്ട്.

പരിശീലന ലക്ഷ്യങ്ങൾ

- 8,9 ക്ലാസുകളിലെ പാഠഭാഗങ്ങളുടെ തുടർച്ചയും വളർച്ചയുമാണ് പത്താംക്ലാസിലെ പാഠപുസ്തകത്തിൽ ഉള്ളതെന്ന് ബോധ്യപ്പെടുത്തുന്നതിന്.
- TB യും HB യും പരിചയപ്പെട്ട് അവ തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നതിന്.
- ആശയ രൂപീകരണത്തിന് തടസ്സം നിൽക്കുന്ന മേഖലകൾ കണ്ടെത്തി ആശയ വ്യക്ത കൈവരിക്കുന്നതിന്.
- പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് സമയ ബന്ധിതമായി നടപ്പാക്കുന്നതിനുള്ള ആത്മ വിശ്വാസം വർധിക്കുന്നതിന്.
- ക്ലാസ്റൂം വിനിമയത്തിന് ICT സാധ്യതകൾ കണ്ടെത്തുന്നതിന്.
- ക്ലബ്ബ്പ്രവർത്തനങ്ങളെ പഠനപ്രവർത്തനവുമായി ഉദ്ഗ്രഥിക്കുന്നതിൽ പരിചയം നേടുന്നതിന്.
- ക്ലാസ്റൂം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനാവശ്യമായ ശേഷിവ കൈവരിക്കുന്നതിന്.

അധ്യാപകന്റെ കടമ

- 10–ാം തരത്തിലെ പുതിയ പാഠപുസ്കത്തിലെ 8 അധ്യായങ്ങൾ ക്ലാസ് റൂം വിനിമയത്തിന് സാധ്യമാകും വിധം തനതു പ്രവർത്തനങ്ങൾ കൂട്ടിചേർത്ത് പ്രാദേശികമായ അനുഭവങ്ങളും വിഭവങ്ങളും ഉപയോഗിച്ച് സമ്പുഷ്ടമാക്കുന്ന തിനുള്ള ആസൂത്രണം നടത്തുക.
- പാഠപുസ്തകത്തിലെ സെമിനാർ, പ്രോജക്ട്, സംവാദം, പ്രാക്ടിക്കൽ എന്നിവ കണ്ടെത്തി പഠന മേഖലയ്ക്ക് ഉപയോഗപ്പെടുത്തുക.
- ലാബ് ലൈബ്രറി സംവിധാനം പരമാവധി ഉപയോഗപ്പെടുത്തുക.
- ഊർജജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ കുട്ടികളിലെത്തിക്കുക.
- രസതന്ത്രവർഷം, വവ്വാൽ വർഷം, വനവർഷം തുടങ്ങിയവ സമുചിതമായി ആചരിക്കുക. മറ്റ് വിഷയങ്ങളും ക്ലബ്ബുകളുമായി സംയോജിച്ചു വേണം ഇത്തരം പ്രവർത്തനങ്ങൾ നടത്താൻ.
- സ്കൂൾശുചിത്വ ബോധവൽക്കരണപരിപാടികൾ ആസൂത്രണം ചെയ്യുകയും കുട്ടികളുടെ സഹായത്തോടെ നടപ്പിലാക്കുകയും ചെയ്യുക.
- ശാസ്ത്രവിഷയങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിച്ച് ലൈബ്രറിയിൽ പ്രത്യേക വിഭാഗമായി വയ്ക്കുക. ക്ലാസ്മുറിയിൽ സയൻസ് കോർണർ സംഘടിപ്പിക്കുക.
- ക്ലാസ്റൂം പതിപ്പുകളുടെ നിർമ്മാണം.
- കാലികസംഭവങ്ങളുടെ ഡോക്യുമെന്റേഷൻ.
- ക്ലസ്റ്ററുകളിൽ പങ്കെടുക്കുകയും തുടർപ്രവർത്തനങ്ങൾക്കു വേണ്ട ഊർജ്ജം നേടിയെടുക്കുകയും ചെയ്യുക.

ഹെഡ്മാസ്റ്റർ ചെയ്യേണ്ടത്

- ആസൂത്രണത്തിനനുസരിച്ചാണോ ക്ലാസ്റൂം വിനിമയം നടക്കുന്നത് എന്ന് ബോധ്യപ്പെടുക.
- ലാബ്, ബ്രൈറി ഇവ ഉപയോഗപ്പെടുത്തുന്നുവെന്ന് ബോധ്യപ്പെടുക.

- ദിനാചരണങ്ങൾ, വർഷാചരണങ്ങൾ എന്നിവ വിവിധ വിഷയങ്ങളുടെയും ക്ലബ്ബുകളുടെയും സഹകരണത്തോടെ ആചരിക്കുക.
- ഊർജ്ജ സംരക്ഷണപ്രവർത്തനങ്ങൾ, ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നേതൃത്വം നൽകുക.
- SRG കൃത്യമായി ചേരുന്നുണ്ടോ എന്നും ഫലപ്രദമായ ചർച്ചകൾ നടന്നുന്നുണ്ടോ എന്നും നിരീക്ഷിക്കുക.

ഗണിതം

പുതിയ പാഠ്യപദ്ധതി അനുസരിച്ചുള്ള 10–ാം ക്ലാസിലെ മാറിയ ഗണിതപാഠപുസ്തകം ഈ അധ്യായനവർഷം കുട്ടികളുടെ കൈകളിൽ എത്തുകയാണ്. NCF 2005നെയും അതിനെതുടർന്ന് KCF 2007 നെയും അടിസ്ഥാനമാക്കി ചിന്തയുടെ ഗണിതവൽക്കരണം (Mathematisation of the thought processes) എന്ന ആശയം മുമ്പോട്ട് വെയ്ക്കുന്ന പുസ്തകങ്ങളാണ് സെക്കന്ററിതലം വരെ നടപ്പിലാക്കപ്പെട്ടത്. കുട്ടികൾക്ക് വൈവിധ്യങ്ങളായ പഠന പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതിൽ ഈ പുസ്തകങ്ങൾ വലിയൊരു പങ്കുവഹിക്കുന്നുണ്ട് ഒപ്പം അധ്യാപകന് ബോധനരീതിയുടെ ഉയർന്നതലങ്ങൾ ക്ലാസ്മുറിയിൽ പ്രാവർത്തികമാക്കുന്നതിന് വലിയൊരു വെല്ലുവിളി നേരിടാനും ഉണ്ട്. സമ്പ്രദായിക പഠനതന്ത്രങ്ങളിൽ നിന്നും വിട്ടുമാറി സാങ്കേതികവിദ്യയുടെയും കൂട്ടായ്മയുടെയും പ്രസക്തി നിലനിർത്തിക്കൊണ്ട് വിദ്യാലയാന്തരീക്ഷം പുതിയ മാനങ്ങളിലേക്ക് ഉയരാൻ വെമ്പൽ കൊള്ളുകയാണ്. ഇതിലേക്കായി വിദ്യാഭ്യാസവകുപ്പ് നേതൃത്വം നല്കുന്ന അധ്യാപകശാക്തീകരണ പരിപാടി മെയ് മാസത്തിൽ നടക്കുന്നു.

സംസ്ഥാനതലത്തിൽ തയ്യാറാക്കിയ മൊഡ്യൂളിലെ പ്രവർത്തനക്രമങ്ങളിലൂടെ ഓരോ അധ്യാപികയും കടന്നു പോവുന്നുണ്ട്. പാർട്ട് – 2 ലെ 6 അധ്യായങ്ങളുടെയും സമഗ്രമായ കാഴ്ചപ്പാടും അവതരണത്തിലെ മാറ്റവും വ്യത്യസ്ത സെഷനുകളായി നടക്കുന്ന ചർച്ചയിലൂടെ വ്യക്തമാക്കുന്നു. ഓരോ അധ്യായത്തിന്റെയും സമഗ്രാസൂത്രണവും മൂല്യനിർണയപ്രവർത്തനങ്ങളും തയ്യാറാക്കി അവതരിപ്പിച്ചുകൊണ്ട് പഠിതാവിന്റെ ചിന്തയിലേക്ക് കൊണ്ടു വരേണ്ട ഗണിതാശയങ്ങളുടെ മുൻഗണനാക്രമം കണ്ടെത്താൻ ഓരേ അധ്യാപികയ്ക്കും സാധിക്കുന്നു. ആശയങ്ങളുടെ ബലപ്പെടുത്തലിന് procedural understanding നേക്കാളും conceptual understanding ന് പ്രാമുഖ്യം നൽകി കൊണ്ടാണ് പാഠാസൂത്രണം ചെയ്യേണ്ടതെന്ന് ബോധ്യപ്പെടുന്നു. കൂടാതെ കൂടുതൽ സമയം കുട്ടിയുടെ കൂടെ ചെലവഴിക്കുമ്പോൾ മാത്രമേ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന തലത്തിൽ പഠന വിനിമയം നടക്കുകയുള്ളൂ എന്ന തിരിച്ചറിവ് ചർച്ചകളിലൂടെ വ്യക്തമാക്കപ്പെടുന്നു. ഊർജ്ജ സംരക്ഷണം, ലിംഗസമത്വം, കുട്ടികളുടെ ആരോഗ്യം, വിദ്യാലയ ശുചിത്വം, എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധപതിയേണ്ടതുണ്ടെന്ന് ബോധ്യപ്പെടുത്തുന്ന സെഷനുകൾ പരിശീലന പരിപാടിയിലുണ്ട്.

വിദ്യാഭ്യാസവകുപ്പ് ശ്രദ്ധിക്കേണ്ട മേഖലകൾ

- അധ്യാപക സഹായിയുടെ ലഭ്യത

- ക്ലാസ്റൂം അനുഭവങ്ങൾ പങ്കുവെയ്ക്കാനും വിഭവശേഷി ഉയർത്താനും അധ്യാപക കൂട്ടായ്മകൾ.
- സ്കൂൾ ലൈബ്രറി.
- സ്കൂൾ ലാബ്
- പൊതുപരിക്ഷയെ മുൻനിർത്തി ഏകോപിതരീതിയിലുള്ള അക്കാദമിക പിന്തുണ സംവിധാനം.
- ICT പഠനത്തിന്റെ മെച്ചപ്പെട്ട സജ്ജീകരണങ്ങൾ
- സംസ്ഥാനതല വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ.
- Reference Library – ജില്ലാതലത്തിൽ
- Maths Club Activation – ജില്ലാ തലത്തിൽ

സ്കൂൾ മേലധികാരിയുടെ ശ്രദ്ധ വേണ്ട മേഖലകൾ

- പാഠപുസ്തകങ്ങളുടെ ലഭ്യത
- സബ്ജക്ട് കൗൺസിൽ
- SRG
- Library, internet ഇവയുടെ കാര്യക്ഷമമായ ഉപയോഗം
- Mathematics Laboratory
- Teacher- student interaction- various strategies.
- വിദഗ്ദ്ധരുടെ സേവനം കുട്ടികൾക്ക് ലഭ്യമാക്കൽ
- അധ്യാപകരുടെ വിഭവശേഷി വർധിപ്പിക്കുന്നതിനുള്ള വ്യത്യസ്ത തലങ്ങൾ.
- Scheme of work implementation.
- Maths Club Activation – Class level, School Level
- Participation in Maths enriching programmes.